പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **4798** — **18/12/2014** ൽ മറുപടിയ്ക്ക്

# റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ റവന്യൂ രേഖകൾ ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തീരുമാനമെടുത്തിട്ടുണ്ട്. റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളുടെ ഭൂരേഖകളും (മാപ്പുകളും രജിസ്റ്ററുകളും) കൂടാതെ റീസർവ്വെയ്ക്ക് മുമ്പുള്ള ഒറിജിനൽ സർവ്വെ റിക്കാർഡുകളും NLRMP പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തിരം ഡിജിറ്റൈസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) കാലപ്പഴക്കം മൂലം നാശം സംഭവിച്ചു കൊണ്ടിരിക്കുന്നതും, ഒറ്റ പ്രതി മാത്രം അവശേഷിക്കുന്നതുമായ വിലയേറിയ സർവ്വേ രേഖകൾ ഡിജിറ്റലായി സംരക്ഷിക്കുക, സ്കാനിംഗിലൂടെ സംരക്ഷിക്കപ്പെട്ട ഡിജിറ്റൽ മാപ്പുകളെ വെക്ടറൈസേഷൻ എന്ന പ്രക്രിയയിലൂടെ കമ്പ്യൂട്ടറൈസ് ചെയ്യുക, ടി വെക്ടറൈസ്ഡ് മാപ്പുകളെ ഭൂമിയിലെ യഥാർത്ഥ കോർഡിനേറ്റുമായി (അക്ഷാംശ രേഖാംശ രേഖകൾ) ബന്ധിപ്പിക്കുന്ന ജിയോ റഫറൻസിംഗ് കമ്പ്യൂട്ടറിൽ നടത്തുക, ഇത്തരത്തിൽ ജിയോ റഫറൻസ്ഡ് ആയ മാപ്പുകളിൽ ഭൂമി സംബന്ധമായ വിവിധ വിവരങ്ങൾ ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) എന്ന സംവിധാനം ഉപയോഗിച്ച് ചേർത്ത് ഭൂമി സംബന്ധമായ ഒരു ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (എൽ.ഐ.എസ്) വികസിപ്പിച്ചെടുക്കൽ എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

| | |
|---|---|
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതുമൂലം ജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കുമോ; | (സി) കഡാസ്ട്രൽ റിക്കാർഡുകളുടെ ഒരു ഏകീകൃത വിവര ശേഖരം തയ്യാറാക്കി ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ഇന്റർനെറ്റിന്റെ സഹായത്താൽ എവിടെ നിന്നും എപ്പോൾ വേണമെങ്കിലും അവ ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നു. റവന്യൂ, സർവ്വേ രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ ഡാറ്റകൾ ഭൂമിയിലെ യഥാർത്ഥ വിവരങ്ങൾ ഉൾക്കൊള്ളുന്ന കഡാസ്ട്രൽ മാപ്പുകളുമായി ബന്ധിപ്പിച്ച് ഓൺലൈൻ മ്യൂട്ടേഷൻ സംവിധാനം ഏർപ്പെടുത്തി ഭൂമി ഇടപാടുകളിൽ സുതാര്യതയും, വേഗതയും, കാര്യക്ഷമതയും വർദ്ധിപ്പിച്ച് ഭൂമി സംബന്ധമായ പരാതികൾ കുറയ്ക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നു. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) സർവെ റിക്കാർഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും ഓൺലൈനായി ജനത്തിന് ലഭ്യമാക്കലും ലക്ഷ്യം വച്ച് ഇ-രേഖ എന്ന പദ്ധതി ആരംഭിച്ച് നടപ്പാക്കി വരുന്നു. ടി റിക്കാർഡുകൾ സൂക്ഷിക്കുവാനും എളുപ്പത്തിലുള്ള അവയുടെ വീണ്ടെടുക്കൽ സാദ്ധ്യമാക്കുന്നതിനുമായി ഒരു മോഡേൺ റിക്കാർഡ് റൂം സ്ഥാപിച്ചു വരുന്നു. റീസർവ്വേ റിക്കാർഡുകളുടെ സംരക്ഷണത്തിനും ഡിജിറ്റൈസേഷനുമായി സെൻട്രൽ ഡിജിറ്റൈസേഷൻ സെന്റർ (സി.ഡി.സി) എന്ന ജി.ഐ.എസ്. അധിഷ്ഠിതമായ ഒരു മോഡേൺ ലബോറട്ടറി തിരുവനന്തപുരത്ത് സ്ഥാപിച്ച് ഡിജിറ്റൈസേഷൻ ജോലികൾ നടന്നു വരുന്നു. കൂടാതെ സി.ഡി.സി. യുടെ സബ് സെന്ററുകളായി 12 ജില്ലകളിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ ജില്ലാതല ഡിജിറ്റൈസേഷൻ സെന്റർ രൂപീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. കഡാസ്ട്രൽ റിക്കാർഡുകൾ നഷ്ടമാകാതെ കൃത്യമായി സൂക്ഷിക്കുവാനും, ആവശ്യ നേരത്ത് വേഗത്തിൽ എടുക്കുവാനും ഉതകും വിധമുള്ള 12 മോഡേൺ റിക്കാർഡ് റൂമുകളും സ്ഥാപിച്ചു വരുന്നു. ടി സർവ്വേ രേഖകൾ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കുവാനും, വീണ്ടെടുക്കുവാനും സ്റ്റോറേജ് സെർവറും അതിലേയ്ക്കുള്ള സോഫ്റ്റ്വെയർ സംവിധാനവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ